# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
# ജില്ലാ ആഫീസ് എറണാകുളം

പി.എൽ.നമ്പർ :02/08/ഡി.ഒ.ഇ — എറണാകുളം,
കാറ്റഗറി നമ്പർ : 80/2006 — 11/03/2008

## <u>വിജ്ഞാപനം</u>

11.09.2006 ലെ ഗസറ്റ് വിജ്ഞാപനം അനുസരിച്ച് എറണാകുളം ജില്ലയിൽ വിവിധ വകുപ്പുകളിൽ 2610–3680 (പി ആർ) രൂപ ശമ്പള നിരക്കിൽ 'ആയ' തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി 31.05.2007 ൽ നടത്തിയ ഉദ്ദ്യേശ്യാധിഷ്ഠിത (ഒ എം ആർ മൂല്യ നിർണ്ണയം) പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് പട്ടികയിൽ ഉൾപ്പെടാൻ സോപാധികമായി അർഹരായ ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ ചുവടെ ചേർക്കുന്നു.

രജിസ്റ്റർ നമ്പരുകൾ അവയുടെ സംഖ്യാ ക്രമത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല. ഉദ്യോഗാർത്ഥികളുടെ താഴെ പറയുന്ന പട്ടിക അവരവരുടെ അപേക്ഷയിൽ അവകാശപ്പെട്ടിരിക്കുന്ന യോഗ്യതകളുടെ അടിസ്ഥാനത്തിൽ തികച്ചും സോപാധികമായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. റാങ്ക് പട്ടിക പ്രസിദ്ധീകരണത്തിന് മുമ്പ് ഉദ്യോഗാർത്ഥികളുടെ ജനന തീയതി, യോഗ്യത, സമുദായം, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളുടെ പരിശോധനയും തുടർന്ന് അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയും നടത്തുന്നതാണ്. അസ്സൽ രേഖകളുടെ പരിശോധനയുടെ സമയ വിവരം ഈ വിജ്ഞാപനത്തോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്. പരീക്ഷയിൽ 85 മാർക്കും അതിനു മുകളിലും ലഭിച്ചവരുടെ രജിസ്റ്റർ നമ്പരുകളാണ് മുഖ്യ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മാർക്കിൽ ആവശ്യാനുസരണമുള്ള ഇളവുകൾ വരുത്തി സംവരണ സമുദായങ്ങൾക്കുള്ള ഉപ പട്ടികകളും തയ്യാറാക്കിയിരിക്കുന്നു.

എറണാകുളം ജില്ലയെ സൂചിപ്പിക്കുന്നതിനായി രജിസ്റ്റർ നമ്പറുകളുടെ മുമ്പിൽ "ഇ" ചേർത്ത് വായിക്കേണ്ടതാണ്.

പട്ടികയിൽ രജിസ്റ്റർനമ്പർ ഉൾപ്പെട്ടിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ അസാധു വാക്കപ്പെട്ട ഉത്തരക്കടലാസുകളും രജിസ്റ്റർനമ്പരുകളും, അസാധുവാക്കുവാനുള്ള കാരണങ്ങളും വ്യക്തമാക്കുന്ന 12.02.08ലെ ERII/2585/07/AYAH/VAR/EW എന്നവിജ്ഞാപനംകൂടി പരിശോധിക്കേണ്ടതാണ്.

# വിവിധ വകുപ്പുകളിൽ – ആയ
## എറണാകുളം ജില്ല.

### മുഖ്യ പട്ടിക

| | | | | |
|---|---|---|---|---|
| 100007 | 100034 | 100213 | 100219 | 100240 |
| 100248 | 100291 | 100314 | 100327 | 100427 |

### ഉപ പട്ടികകൾ

#### 1. ഈഴവ

| | | | | |
|---|---|---|---|---|
| 100038 | 100094 | 100156 | 100189 | 100293 |
| 100305 | | | | |

#### 2. പട്ടിക ജാതി

| | | | |
|---|---|---|---|
| 100050 | 100085 | 100118 | 100349 |

#### 3. പട്ടിക വർഗ്ഗം

| | |
|---|---|
| 100061 | 100224 |

#### 4. മുസ്ലീം

| | | | | |
|---|---|---|---|---|
| 100030 | 100174 | 100215 | 100233 | 100481 |

#### 5. ലാറ്റിൻ കാത്തലിക്

| | |
|---|---|
| 100086 | 100263 |

#### 6.മറ്റു പിന്നോക്ക വിഭാഗങ്ങൾ

| | | | |
|---|---|---|---|
| 100124 | 100222 | 100266 | 100444 |

ആയ - വിവിധം – എറണാകുളം ജില്ല

**7. വിശ്വകർമ്മ**

100011 100069

**8. എസ്.ഐ.യു.സി നാടാർ/ആംഗ്ലോ ഇൻഡ്യൻ**

100182

**9. മറ്റ് ക്രിസ്ത്യാനികൾ**

100399 100437

**10 ധീവര**

100210 100482

കുറിപ്പ്:–

1. അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ മേൽപറഞ്ഞ ലിസ്റ്റിൽ തികച്ചും സോപാധികമായാണ് രജിസ്റ്റർ നമ്പറുകൾ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ലിസ്റ്റിൽ രജിസ്റ്റർ നമ്പർ ഉൾപ്പെടുകയുണ്ടായി എന്നതുകൊണ്ടുമാത്രം റാങ്ക് പട്ടികയിൽ ഉൾപ്പെടുവാൻ ഉദ്യോഗാർത്ഥികൾക്ക് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

2. ഉദ്യോഗാർത്ഥികൾ അവരവരുടെ അപേക്ഷകളിൽ നൽകിയിട്ടുള്ള വിവരങ്ങളുടെയും അവകാശപ്പെട്ടിട്ടുള്ള യോഗ്യതകളുടെയും അടിസ്ഥാനത്തിൽമാത്രമാണ്ഈപട്ടിക തയ്യാറാക്കിയിട്ടുള്ളത്. പിന്നീട് ഉന്നയിക്കുന്ന അവകാശങ്ങളൊന്നും ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

3 ഉദ്യോഗാർത്ഥികൾ, അവരുടെ ജനന തീയതി, ജാതി, വിദ്യാഭ്യാസ യോഗ്യത, പവൃത്തി പരിചയം എന്നിവ തെളിയിക്കുന്നതിനാവശ്യമായ അസ്സൽ പ്രമാണങ്ങളുടെ പരിശോധനയ്ക്കായി, നിശ്ചിത സമയത്തും, സ്ഥലത്തും നേരിട്ട് സ്വന്തം ചെലവിൽ ഹാജരാകേണ്ടതാണ്. അസ്സൽ രേഖകളുടെ പരിശോധനയ്ക്ക് നേരിട്ട് ഹാജരാകാത്ത ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ ഈ പട്ടികയിൽ നിന്നും തുടർന്നുള്ള തെരഞ്ഞെടുപ്പു പ്രക്രിയകളിൽ നിന്നും മറ്റൊരറിയിപ്പ് കൂടാതെ നീക്കം ചെയ്യുന്നതാണ്.

ആയ - വിവിധം – എറണാകുളം ജില്ല

ഉദ്യോഗാർത്ഥികൾ അവരുടെ വിദ്യാഭ്യാസ യോഗ്യത, ജനനതീയതി, സംവരണാനുകൂല്യത്തിന് അർഹത തെളിയിക്കുന്ന പ്രമാണങ്ങൾ, നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, പ്രവൃത്തി പരിചയം എന്നിവ വ്യക്തമാക്കുന്ന അസ്സൽ പ്രമാണങ്ങളും, കൂടാതെ മറ്റെന്തെങ്കിലും യോഗ്യതകൾ അവകാശപ്പെട്ടിട്ടുണ്ടെങ്കിൽ അവ തെളിയിക്കുന്നതിന് ആവശ്യമായ അസ്സൽ രേഖകളും മേൽ പറഞ്ഞ എല്ലാ രേഖകളുടേയും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പുകളും സഹിതം 27/03/2008 വ്യാഴാഴ്ച കാലത്ത് 10 മണിക്ക് കാക്കനാട്ടുള്ള എറണാകുളം ജില്ലാ പി എസ് സി ആഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

## ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ട പ്രമാണങ്ങൾ

1. ജനനതീയതി – എസ്.എസ്.എൽ.സി.യുടെ ബന്ധപ്പെട്ട പേജ്/തതുല്ല്യ പ്രമാണങ്ങൾ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പും.

2. വിദ്യാഭ്യാസ യോഗ്യത–ഏഴാം സ്റ്റാൻഡേർഡ് (പുതിയത്) പാസ്സായിരിക്കണം. എസ് എസ് എൽ സി ബുക്ക് ഇല്ലാത്തവർ സ്ക്കൂൾ അഡ്മിഷൻ രജിസ്റ്ററിൻെറ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പും. എസ് എസ് എൽ സി ഉള്ളവർ ബന്ധപ്പെട്ട എസ് എസ് എൽ സി ബുക്കും മാർക്ക് ലിസ്റ്റിൻെറ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പും.

3. ജാതി/സമുദായം – പട്ടികജാതി/വർഗ്ഗ സമുദായാംഗങ്ങൾ തങ്ങളുടെ ജാതി തെളിയിക്കുന്നതിന് ബന്ധപ്പെട്ട തഹസീൽദാരിൽ നിന്നും 22/03/2005 നു ശേഷം ലഭിച്ച ജാതി സർട്ടിഫിക്കറ്റിൻെറ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ രണ്ടു ശരിപ്പകർപ്പുകളും.

   സംവരണാനുകൂല്യത്തിന് അർഹതയുള്ള മറ്റു സമുദായാംഗങ്ങൾ 25/08/2007 ലെ ജി ഒ (പി)നമ്പർ 46/2007/എസ്.സി/എസ്.റ്റി/ഡിഡി ഉത്തരവ് പ്രകാരം ബന്ധപ്പെട്ട തഹസീൽദാർ/വില്ലേജ് ആഫീസർ നൽകുന്ന നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിൻെറ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ രണ്ടു ശരിപ്പകർപ്പുകളും.

4. പ്രവൃത്തി പരിചയം:– ഏഴാം സ്റ്റാൻഡേർഡ് (പുതിയത്) അഥവാ തതുല്യ യോഗ്യത ആർജ്ജിച്ചതിനുശേഷം ഏതെങ്കിലും സർക്കാർ സ്ഥാപനത്തിൽ നിന്നോ അല്ലെങ്കിൽ 1860 ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് (1860–ലെ സെൻട്രൽ ആക്ട് 21) അഥവാ 1955–ലെ ട്രാവൻകൂർ–കൊച്ചിൻ

ലിറ്ററി സയൻറിഫിക് ആൻറ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് (1955-ലെ 12) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഏതെങ്കിലും സ്ഥാപനത്തിൽ നിന്നോ കുട്ടികളുടെ 'ആയ' ആയുള്ള ഒരു വർഷത്തിൽകുറയാത്ത പ്രവൃത്തി പരിചയം തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റ്.

5. പേര്, ജനനതീയതി, ജാതി ഇവയിൽ വ്യത്യാസം ഉള്ള ഉദ്യോഗാർത്ഥികൾ/ പേര്, ജനനതീയതി, ജാതി എന്നിവയിൽ വ്യത്യാസം വരുത്തിയിട്ടുള്ള ഉദ്യോഗാർത്ഥികൾ അവ തെളിയിക്കുന്നതിനുള്ള പ്രമാണം (ഗസറ്റ് വിജ്ഞാപനത്തിലെ പൊതു വ്യവസ്ഥകൾ കാണുക)

6. നേറ്റിവിറ്റി സർട്ടിഫിക്കറ്റ് :- എറണാകുളം ജില്ലയിൽ ജനിച്ചു വളർന്നവരും, എറണാകുളം ജില്ലയിൽ സ്ഥിരമായി താമസിച്ചു വരുന്നവരുമായ ഉദ്യോഗാർത്ഥികൾക്ക് ഗസറ്റ് വിജ്ഞാപനത്തിലെ പൊതു വ്യവസ്ഥകളിലെ പാർട്ട് 2,ഖണ്ഡിക 7 പ്രകാരം അഞ്ചു മാർക്ക് വെയിറ്റേജ് അനുവദിക്കുന്ന-താകയാൽ, അർഹതപ്പെട്ട ഉദ്യോഗാർത്ഥികൾ ബന്ധപ്പെട്ട തഹസിൽദാരിൽ താഴെയല്ലാത്ത റവന്യൂ അധികാരിയിൽ നിന്നും മേൽ പറഞ്ഞ വസ്തുത വെളിപ്പെടുത്തുന്ന നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

7. മറ്റെന്തെങ്കിലും അർഹത:- മുകളിൽ 1 മുതൽ 6 വരെ പരാമർശിക്കപ്പെട്ടതല്ലാതെ മറ്റെന്തെങ്കിലും അർഹത അപേക്ഷയിൽ അവകാശപ്പെട്ടിട്ടുണ്ടെങ്കിൽ അവ തെളിയിക്കുന്ന അസ്സൽപ്രമാണങ്ങളും അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പുകളും.

മുകളിൽ പറഞ്ഞ പ്രകാരമുള്ള രേഖകൾ പരിശോധനയ്ക്കായി നിശ്ചയിച്ചിട്ടുള്ള സമയത്തിനുശേഷം ഹാജരാക്കുവാൻ പിന്നീട് അവസരം നൽകുന്നതല്ല.

(കമ്മീഷൻെറ ആജ്ഞാനുസരണം)

Sd/-
ജില്ലാ ആഫീസർ,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ആഫീസ്, എറണാകുളം.

kks